/363553/2024

**കേരള എക്സൈസ് വകുപ്പ്.**

**"മാതൃഭാഷ-മലയാളം"**

**അധി : എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടി ക്രമം,കേരള ,തിരുവനന്തപുരം**

**(ഹാജർ: ശ്രീമതി.ജയശ്രീ.ആർ)**

**പൂർണ്ണ അധിക ചുമതല**

വിഷയം : **കേരള എക്സൈസ് -ഭരണപരം –വകുപ്പ്- എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർമാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം: 1. 13.03.2024 ലെ ബഹു.കേരള ഹൈക്കോടതിയുടെ OP(KAT) 57/2023 ലെ ഉത്തരവ്

2. 04.05.2024 ലെ എഫ്1/250/2023/നികുതി നമ്പർ സർക്കാർ കത്ത്.

3. 06.04.2024 ലെ ശ്രീ.സന്തോഷ് ഡി സമർപ്പിച്ച അപേക്ഷ.

**നമ്പർ.EXC/873/2023-XD3 തീയതി: 10-05-2024**

എക്സൈസ് വകുപ്പിലെ എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ 20.08.2011 മുതൽ 31.12.2021 വരെയുള്ള കാലയളവിലെ 12 ജില്ലാതല സീനിയോറിറ്റി ലിസ്റ്റുകൾ അന്തിമമായി പ്രസിദ്ധീകരിക്കുകയും, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ജില്ലാതല പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തതിനെ തുടർന്ന് ശ്രീ. ലോതർ പെരേര മുതൽപേർ എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ 2003-2008 വരെയുള്ള കാലയളവിലെ സീനിയോറിറ്റി ലിസ്റ്റ് പുനക്രമീകരിക്കുന്നത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതിയിൽ OP(KAT) 57/2023 കേസ് ഫയൽ ചെയ്യുകയും തൽഫലമായി 20.08.2011 മുതൽ 31.12.2021 വരെയുള്ള കാലയളവിലെ എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റുകൾ അന്തിമമായി പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചിട്ടില്ലാത്തതും, ഇക്കാരണത്താൽ എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതുമാണ്. പ്രസ്തുത കാലയളവിന് മുൻപുള്ള സീനിയോറിറ്റി ലിസ്റ്റിലെ യോഗ്യരായ മുഴുവൻ പ്രിവന്റീവ് ഓഫീസർമാർക്കും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരായി താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതും, തുടർന്ന് അസിസ്റ്റന്റ് എക്സൈസ്

ഇൻസ്പെക്ടർ തസ്തികിയിലുണ്ടായ ഒഴിവുകൾ നികത്തുന്നതിന് പ്രിവന്റീവ് ഓഫീസർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ 41 അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം ഉണ്ടായിട്ടുള്ളതുമാണ്. സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി തയ്യാറാക്കുന്നതിന് ബഹു.കോടതി ഉത്തരവുകൾ തടസ്സമായി നിലനിൽക്കുന്നതിനാൽ 12 ജില്ലകളിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റുകളും, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റുകളും ചേർത്ത് ടി കാലയളവിലെ സംസ്ഥാനതല ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കി ആയതിൽ നിന്നും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് സർക്കാരിൽ അനുമതി തേടുകയും, കൂടാതെ ബഹു.കേരള ഹൈക്കോടതിയിൽ ടി സംഗതികൾ ബോധ്യപ്പെടുത്തിക്കൊണ്ടും, ബഹു.കേരള ഹൈക്കോടതിയുടെ അന്തിമ തീർപ്പിന് വിധേയമായി ഇപ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് ബഹു.കേരള ഹൈക്കോടതി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് ചുവടെ ചേർക്കുന്നു.

**"What is involved in this matter is a seniority list o f Excise Preventive Officers for the period from 1.7.2003 t o 31.12.2008. Therefore, no permission is required to effect promotion of any other post of Excise Preventive officer from the gradation list to the post of Assistant Excise Inspector as well as Excise Inspector"**

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20.08.2011 മുതൽ 31.12.2021 വരെയുള്ള കാലയളവിലെ എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ സംസ്ഥാനതല ഗ്രഡേഷൻ ലിസ്റ്റിൽ നിന്നും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലുള്ള 41 ഒഴിവുകളിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് സൂചന 2 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്

മേൽ സാഹചര്യത്തിൽ സംസ്ഥാനതല ഗ്രഡേഷൻ ലിസ്റ്റില്യ ൾപ്പെട്ട താഴെ പറയുന്ന പ്രിവന്റീവ് ഓഫീസർമാർക്ക് കെ എസ് ആന്റ് എസ് എസ് ആർ ചട്ടം 31(a)(i) പ്രകാരം

/363553/2024

അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

1). താൽക്കാലിക പ്രൊമോഷനുകൾ സീനിയോറിറ്റി സംബന്ധമായി നിലവിലുള്ള വിവിധ കോടതി കേസുകളിലെ അന്തിമ വിധിന്യായങ്ങൾക്ക് വിധേയമായിരിക്കും.

2). പ്രസ്തുത താൽക്കാലിക പ്രൊമോഷനുകൾ ഹേതുവായി പ്രൊമോഷൻ തസ്തികയിൽ സീനിയോറിറ്റി, പ്രൊബേഷൻ, ഭാവിയിൽ ടി തസ്തികയിലേക്കുള്ള റെഗുലർ പ്രൊമോഷനുകൾ എന്നിവയ്ക്ക് യാതൊരു അവകാശവാദങ്ങളും ഉന്നയിക്കുന്നതിന് ഇപ്രകാരം താൽക്കാലിക പ്രൊമോഷൻ ലഭിച്ചവർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

3). ഇപ്രകാരം സ്ഥാനക്കയറ്റം നേടുന്നവർക്ക് സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ ശമ്പള നിർണ്ണയത്തിനു അർഹതയുണ്ടായിരിക്കുന്നതല്ല.

| **ക്രമ നമ്പർ** | **പ്രിവന്റീവ് ഓഫീസർമാരുടെ പേരും , പെൻ നമ്പറും** | **എക്സൈസ് ഡിവിഷൻ** | **താൽക്കാലിക സ്ഥാനക്കറ്റം നൽകി നിയമിക്കുന്ന ഓഫീസ്** |
|---|---|---|---|
| 1 | പ്രേമാനന്ദകുമാർ എൻ (206274) | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ്, ഒറ്റപ്പാലം |
| 2 | നാസർ എച്ച് (205025) | ആലപ്പുഴ | എക്സൈസ് റേഞ്ച് ഓഫീസ് , അടൂർ |
| 3 | ബിനീഷ് പി (204917) | ആലപ്പുഴ | എക്സൈസ് റേഞ്ച് ഓഫീസ് , കോന്നി |
| 4 | പ്രമോദ്കുമാർ സി (207266) | കണ്ണൂർ ~~പാലക്കാട്~~ | എക്സൈസ് ചെക്ക് പോസ്റ്റ് ,അഴിയൂർ |
| 5 | രമേശ് വി വി (206402) | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ് , പറളി |
| 6 | ബോസ് വെൽ എസ് (206386) | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ് , അഞ്ചൽ |
| 7 | സുമേഷ് പി എസ് (206279) | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ് , അഗളി |

/363553/2024

| | | | |
|---|---|---|---|
| 8 | അരുൺകുമാർ വി (205133) | ആലപ്പുഴ | എക്സൈസ് റേഞ്ച് ഓഫീസ് , എരുമേലി |
| 9 | രാജേഷ് കോമത്ത് (206703) | വയനാട് | എക്സൈസ് റേഞ്ച് ഓഫീസ് , മൂവാറ്റുപുഴ |
| 10 | അൻവർ എം (184454) | കൊല്ലം | എക്സൈസ് റേഞ്ച് ഓഫീസ് , കൊട്ടാരക്കര |
| 11 | ലത്തീഫ് കെ പി (206720) | വയനാട് | എക്സൈസ് റേഞ്ച് ഓഫീസ് , കാലടി |
| 12 | രാധാകൃഷ്ണൻ എൻ (206678) | വയനാട് | എക്സൈസ് റേഞ്ച് ഓഫീസ് ,നോർത്ത് പറവൂർ |
| 13 | സുരേഷ് പി ഡി (206707) | വയനാട് | എക്സൈസ് റേഞ്ച് ഓഫീസ്, ഞാറക്കൽ |
| 14 | ഷാജി കുമാർ എസ് (184184) | തിരുവനന്തപുരം | എക്സൈസ് റേഞ്ച് ഓഫീസ് , അമരവിള |
| 15 | മധു എ (184271) | തിരുവനന്തപുരം | എക്സൈസ് റേഞ്ച് ഓഫീസ് , നെടുമങ്ങാട് |
| 16 | എൻ കെ സുനിൽകുമാർ (184800) | കോട്ടയം | എക്സൈസ് റേഞ്ച് ഓഫീസ് , കോട്ടയം |
| 17 | വി എ ഷാജഹാൻ (184492) | കൊല്ലം | എക്സൈസ് റേഞ്ച് ഓഫീസ് , പത്തനാപുരം |
| 18 | മണിവർണ്ണൻ എൻ (184202) | തിരുവനന്തപുരം | എക്സൈസ് റേഞ്ച് ഓഫീസ് , നെയ്യാറ്റിൻകര |
| 19 | ജോഷി ജോൺ (205031) | ആലപ്പുഴ | എക്സൈസ് റേഞ്ച് ഓഫീസ് , ചെങ്ങന്നൂർ |
| 20 | അനീഷ് കുമാർ പുത്തില്ലൻ (206940) | മലപ്പുറം | എക്സൈസ് റേഞ്ച് ഓഫീസ് , ചാലക്കുടി |
| 21 | സന്തോഷ് ബി (184529) | കൊല്ലം | എക്സൈസ് റേഞ്ച് ഓഫീസ് ,മാവേലിക്കര |
| 22 | രാജു സി (206464) | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ് ,കോലാഴി |
| 23 | പ്രജീഷ് കുന്നുമ്മൽ (207418) | കണ്ണൂർ | എക്സൈസ് റേഞ്ച് ഓഫീസ്, ഇരിട്ടി |
| | | | |

| | | | |
|---|---|---|---|
| 24 | മോഹനൻ പി<br>(207580) | കാസർഗോഡ് | എക്സൈസ് റേഞ്ച് ഓഫീസ്<br>, ബന്തടുക്ക |
| 25 | ഷാജി കെ<br>(184059) | തിരുവനന്തപുരം | എക്സൈസ് റേഞ്ച് ഓഫീസ് ,<br>ചടയമംഗലം |
| 26 | ഷിഹാബുദ്ദീൻ കെ എം<br>(184957) | പത്തനംതിട്ട | എക്സൈസ് റേഞ്ച്<br>ഓഫീസ്, പത്തനംതിട്ട |
| 27 | പ്രവീൺ കുമാർ എ പി<br>(206070) | തൃശ്ശൂർ | എക്സൈസ് റേഞ്ച്<br>ഓഫീസ്, തൊട്ടുപുഴ |
| 28 | ബിനു എ<br>(184166) | തിരുവനന്തപുരം | എക്സൈസ് റേഞ്ച് ഓഫീസ് ,<br>തിരൂപുറം |
| 29 | സന്തോഷ് ഡി<br>(424425) | തിരുവനന്തപുരം | എക്സൈസ് റേഞ്ച് ഓഫീസ്<br>, തിരുവനന്തപുരം |
| 30 | സലിം കെ ആർ<br>(184025) | തിരുവനന്തപുരം | എക്സൈസ് റേഞ്ച് ഓഫീസ്,<br>ആര്യനാട് |
| 31 | ഗിരീഷ് കെ വി<br>(207222) | കണ്ണൂർ | എക്സൈസ് റേഞ്ച് ഓഫീസ് ,<br>ആലക്കോട് |
| 32 | ബഷീർ പി എ<br>(206666) | വയനാട് | എക്സൈസ് റേഞ്ച് ഓഫീസ് ,<br>എഴുകോൺ |
| 33 | റിവർദാസ് കെ<br>(206530) | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ്,<br>ചിറ്റൂർ |
| 34 | സുരേഷ് ബാബു കെ<br>(207551) | കാസർഗോഡ് | എക്സൈസ് റേഞ്ച് ഓഫീസ്<br>, വടക്കാഞ്ചേരി |
| 35 | ബിജു പി എബ്രഹാം<br>(206796) | മലപ്പുറം | എക്സൈസ് റേഞ്ച് ഓഫീസ്,<br>കോഴിക്കോട് |
| 36 | ഷനിൽ കുമാർ സി പി<br>(207340) | കണ്ണൂർ | എക്സൈസ് റേഞ്ച് ഓഫീസ്,<br>ഉടുമ്പൻചോല |
| 37 | അബ്ദുള്ള കുഞ്ഞി ബി എം<br>(207521) | കാസർഗോഡ് | എക്സൈസ് റേഞ്ച് ഓഫീസ്,<br>ദേവികുളം |
| 38 | ബാബു കെ കെ<br>(206727) | വയനാട് | ജനമൈത്രി സ്പെഷ്യൽ<br>സ്ക്വാഡ് , മാനന്തവാടി |
| 39 | അഭിലാഷ് കെ<br>(206853) | മലപ്പുറം | എക്സൈസ് റേഞ്ച് ഓഫീസ്<br>, ചിറ്റാർ |
| 40 | വിജയകുമാർ കെ വി | വയനാട് | എക്സൈസ് റേഞ്ച് ഓഫീസ് |

| | | | |
|---|---|---|---|
| | (206697) | | , മൂലമാറ്റം |
| 41 | വിനോദൻ കെ വി (207528) | കാസർഗോഡ് | എക്സൈസ് റേഞ്ച് ഓഫീസ്, പീരുമേട് |

ക്രമ നം. 29 ശ്രീ.സന്തോഷ് ഡി, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത നേടിയിട്ടില്ലാത്തതിനാൽ കെ എസ് & എസ് എസ് ആർ ചട്ടം 13(A)(1)(a) പ്രകാരം യോഗ്യത നേടുന്നതിൽ നിന്നും ഇളവ് നൽകി സ്ഥാനക്കയറ്റത്തിന് പരാമർശം 3 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ ശ്രീ.സന്തോഷ് ഡി-യെ, കെ എസ് & എസ് എസ് ആർ ചട്ടം 13(A)(1) (a) പ്രകാരം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള താൽക്കാലിക സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. മേൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ യോഗ്യത നേടാത്ത പക്ഷം ടിയാനെ കെ എസ് & എസ് എസ് ആർ ചട്ടം 13(A)(2) പ്രകാരം പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് തരംതാഴ്ത്തുന്നതാണ്.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ അടിയന്തരമായി വിടുതൽ ചെയ്യേണ്ടതും, നിയമനം ലഭിച്ച പുതിയ ഓഫീസുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതും പ്രസ്തുത വിവരം ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ വകുപ്പിൽ അറിയിക്കേണ്ടതുമാണ്.

Signed by
Jayasree R.
Date: 10-05-2024 15:42:21

(ഉത്തരവിൻ പ്രകാരം)

JAYASREE R.
ADMINISTRATIVE OFFICER (ENFORCEMENT)

ഗ്രാഹകൻ: ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മേലധികാരികൾ മുഖാന്തിരം)

പകർപ്പ്:
1. അഡ്വക്കേറ്റ് ജനറൽ ഓഫീസ് , എറണാകുളം
2. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
3. വിജിലൻസ് ഓഫീസർ (എക്സൈസ്)
4. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
5. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
6. ഐ ടി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. ഉത്തരവ് ഫയൽ / കരുതൽ ഫയൽ